## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1957 | 04/05/2017-ൽ മറുപടിക്ക്

### ജോലിയ്ക്കിടെ ഷോക്കേറ്റ് മരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | ജോലിയ്ക്കിടെ ഷോക്കേറ്റ് നിരവധി ജീവനക്കാർ മരണപ്പെടുന്നുവെന്ന കാര്യം പരിശോധിക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതമേറ്റ് കഴിഞ്ഞ 3 വർഷകാലയളവിൽ മരണപ്പെട്ട ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>വർഷം / ബോർഡ് ജീവനക്കാർ / കരാർ തൊഴിലാളികൾ<br>2014 / 13 / 14<br>2015 / 10 / 14<br>2016 / 09 / 11 |
| (ബി) | ഇതിൽ അധികവും കോൺട്രാക്ട് തൊഴിലാളികളാണെന്ന കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കോൺട്രാക്ട് തൊഴിലാളികൾ ജോലിയ്ക്കിടെ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിയ്ക്കുകയാണെങ്കിൽ തൊഴിലാളികളുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിയ്ക്കുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം |

(....2)

അനുസരിച്ച് താഴെ പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ.
2. ശവസംസ്കാര ചെലവിനായി 5,000/- രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചു വരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന്

| | | | |
|---|---|---|---|
| | | | മരണപ്പെടുന്നവരുടെ അനന്തരാവകാശി-കൾക്ക് അർഹതയുണ്ട്. |
| (ഡി) | 2016 ജനുവരി മുതൽ ഇപ്രകാരം ജോലിക്കിടെ മരണമടഞ്ഞ ജീവനക്കാരുടെ (കോൺട്രാക്ടും, സ്ഥിരം ജീവനക്കാരും) വിശദമായ വിവരവും നൽകിയ ആനുകൂല്യവും വ്യക്തമാക്കുമോ? | (ഡി) | 2016 ജനുവരി മുതൽ 31-03-2017 വരെ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ട ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിയ നഷ്ടപരിഹാരത്തിന്റെയും ഇതര സാമ്പത്തിക സഹായങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം (1), (2) എന്നിവയായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

1957

**Fatal accident occurred to Contractor's employees- 01-01-2016 to 31-03-2017**

| Sl.No. | Name | Designation | Section | | Date of Accident | Compensation Sanctioned |
|---|---|---|---|---|---|---|
| 1 | Arun | contractor's employee | Electrical Section | Bharananganam | 05.01.2016 | 890,480 |
| 2 | Sasi | contractor's employee | 110kv Substation | Pullazhy, Thrissur | 25.01.2016 | 718,960 |
| 3 | Jayaraj | contractor's employee | Electrical Section | Vaipur | 09.02.2016 | contractors liability |
| 4 | Satheeshkumar | contractor's employee | Electrical Section | Sreevaraham | 08.02.2016 | 670,160 |
| 5 | Babu | contractor's employee | Line Maintenance Sub Dvn | Chalakudy | 15.04.2016 | contractors liability |
| 6 | Prasanthkumar | contractor's employee | Electrical Section | Peyad | 17.05.2016 | 670,160 |
| 7 | Rajeevan K | contractor's employee | Electrical Section | Kuttikkol | 03.06.2016 | 811,640 |
| 8 | Vanniyaraj | contractor's employee | Transmission Circle | Poovanthuruth | 20.02.2016 | contractors liability |
| 9 | Sreekanth | contractor's employee | Electrical Section | Peyad | 22.08.2016 | 844,680 |
| 10 | Abdul Gafoor | contractor's employee | Electrical Section | Nellikkunnu | 22.09.2016 | 707,160 |
| 11 | Saseendran M M | contractor's employee | Electrical Section | Kunnamkulam | 24.12.2016 | Under processing |
| 12 | Abdul Nazar | contractor's employee | Electrical Section | Kalikavu | 11.03.2017 | Under processing |

അനുബന്ധം 2

Fatal accident occurred to Board employees-01-01-2016 to 31-03-2017

| Sl.No. | Name | Designation | Office | | Date of Accident | Employees' Compensation | Medical reimb./ others | Employees' Welfare Fund |
|---|---|---|---|---|---|---|---|---|
| 1 | Sureshkumar K P | Electricity Worker | Electrical Section | Thrikkakara west | 01/01/2016 | 670,160 | 115,961 | 5,00,000 |
| 2 | Moncy Joseph | Lineman-I | Electrical Section | Nattakom | 09/04/2016 | 718,960 | | 5,00,000 |
| 3 | Gopan R | Lineman-II | Electrical Section | Marayamuttom | 13/05/2016 | 707,160 | | 5,00,000 |
| 4 | Biju V | Lineman-I | Electrical Section | Ottasekharamangalam | 09/02/2016 | 763,240 | | 5,00,000 |
| 5 | Shaji T | Overseer | Electrical Section | Chadayamangalam | 08/03/2016 | RTA | | 5,00,000 |
| 6 | Hari | Lineman-II | Electrical Section | Perumpuzha | 14/07/2016 | 763,240 | | 5,00,000 |
| 7 | Abdul Salim V A | Electricity Worker | Electrical Section | Vazhakulam | 08/01/2016 | 741,680 | | 5,00,000 |
| 8 | Manojkumar K R | Overseer | Electrical Section | Kalady | 14/07/2016 | * RTA | | 5,00,000 |
| 9 | Remash P R | Lineman-I | Electrical Section | Koonammoochy | 01/12/2016 | ** 0 | | 5,00,000 |
| 10 | Saji S | Electricity Worker | Electrical Section | Vellanad | 27/03/2017 | ** 0 | | |

* road traffic accident
** Under processing

സെക്ഷൻ ഓഫീസർ